ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.07.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്രപര്യടനത്തിന് തുടക്കമായി; സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി ഇന്ന് ഇന്തോനേഷ്യയിൽ എത്തും.
2. നാലു ദിവസം നീളുന്ന ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ തുടക്കമായി.
3. കേരളാ പി.എസ്.സി യിലെ ക്രമക്കേട് സംസ്ഥാന സർക്കാർ സമഗ്രമായി പരിശോധിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല; വിഷയം മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനിക്കും.
4. കേരളത്തിലെ വിദ്യാഭ്യാസം ലോകോത്തര നിലവാരമുള്ളതായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് മന്ത്രി എൻ.ഷംസുദ്ദീൻ.
5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും; ഇന്ന് രണ്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ലോകകപ്പ് ഫുട്ബോളിൽ മെക്സിക്കോയെ മൂന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി ഇംഗ്ലണ്ട് ക്വാർട്ടറിൽ.

RNJ TVPM

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്രപര്യടനത്തിന് തുടക്കമായി. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ ഇന്തോനേഷ്യയിൽ എത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസിഡൻറ് പ്രബോവോ സുബിയാന്റോയുമായി ഉഭയകക്ഷി ചർച്ച നടത്തും. 2018 ലെ ഇന്തോനേഷ്യ സന്ദർശന വേളയിൽ മുന്നോട്ടുവെച്ച സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തെ സന്ദർശനം കൂടുതൽ ദൃഢമാക്കുമെന്ന് യാത്രയ്ക്ക് മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ ശ്രീ മോദി അറിയിച്ചു. സന്ദർശനവേളയിൽ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കുമെന്നും ശ്രീ മോദി അറിയിച്ചു.

RNU TVPM

## ബ്രിക്സ് - വനിതാ മന്ത്രിതല യോഗം(ഇൻട്രോ)

ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ തുടക്കമായി. നാലു ദിവസം നീളുന്ന പരിപാടി, കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയമാണ് സംഘടിപ്പിക്കുന്നത്. ഇന്നും നാളെയും വനിതാ പ്രവർത്തക സമിതി യോഗവും ബുധൻ, വ്യാഴം ദിവസങ്ങളിൽ വനിതാ മന്ത്രിതല യോഗവുമാണ് നടക്കുക.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി **പി.നഹീമ.....**

(വോയിസ്)

## ബ്രിക്സ് യോഗം

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് അംഗരാജ്യങ്ങളിലെ മയക്കുമരുന്ന് വിരുദ്ധ ഏജൻസി മേധാവികളുടെ രണ്ട് ദിവസത്തെ യോഗത്തിന് അസമിലെ ഗുവാഹത്തിയിൽ തുടക്കം. മയക്കുമരുന്ന് നിയന്ത്രണ ഏജൻസികൾക്കിടയിൽ ആഴത്തിലുള്ള പ്രവർത്തന സഹകരണം വളർത്തിയെടുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യും. മയക്കുമരുന്ന് വിരുദ്ധ ഏജൻസികളുടെ തലവൻമാരും ബ്രിക്സ് അംഗരാജ്യങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരും രണ്ട് ദിവസത്തെ യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋

## രമേശ് ചെന്നിത്തല

കേരള പി.എസ്.സി യിലെ ക്രമക്കേട് സംസ്ഥാന സർക്കാർ സമഗ്രമായി പരിശോധിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. വിഷയം മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും പി എസ് സി യുടെ വിശ്വാസ്യത തകർക്കാൻ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ഓപ്പറേഷൻ തൂഫാനിലൂടെ മയക്കു മരുന്ന് മാഫിയയെ തകർക്കാനായതായും പോലീസിനെ ആക്രമിക്കുന്ന മയക്കുമരുന്ന് ലോബിക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

RNUTVPM

❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋⌘❋

## എൻ.ഷംസുദ്ദീൻ (ഇൻട്രോ)

കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിൽ മാറ്റങ്ങൾ ഉണ്ടായതായി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ.ഷംസുദ്ദീൻ. സംസ്ഥാനതല പ്ലസ് വൺ പ്രവേശനോത്സവം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ വിദ്യാഭ്യാസം ലോകോത്തര

നിലവാരമുള്ളതായി മാറേണ്ടതുണ്ടെന്നും അതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും മന്ത്രി പറഞ്ഞു. **(ഹോൾഡ് വോയ്സ്.........)**

## നെന്മാറ കൊലക്കേസ്

നെന്മാറ ഇരട്ടക്കൊലക്കേസിൽ പാലക്കാട് അഡീഷണൽ ജില്ലാ സെഷൻസ് കോടതി വിധി പറയാൻ തിങ്കളാഴ്ചത്തേക്ക് മാറ്റി. ചെന്താമര പ്രതിയായ രണ്ടാമത്തെ കൊലക്കേസാണിത്. നെന്മാറ തിരുത്തംപാടം ബോയൻ ഉന്നതിയിൽ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയതാണ് കേസ്.

## ക്ഷയരോഗ മുക്ത കേരളം

എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗ മുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ടി.ബി ബോധവത്കരണ പരിപാടിയും കോട്ടയത്ത് നടന്നു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.

## കൂട്ട പിരിച്ചുവിടൽ

യു എസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനി കോഴിക്കോട്, കൊച്ചി ഓഫീസുകളിലെ എണ്ണൂറോളം ജീവനക്കാരെ പിരിച്ചുവിട്ട സംഭവത്തിൽ തൊഴിൽവകുപ്പിന്റെ ചർച്ച ആരംഭിച്ചു. തൊഴിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ലേബർകമ്മിഷണർ എന്നിവരുടെ നേതൃത്വത്തിലാണ് ചർച്ച.

RNUTVPM

വെള്ളിയാഴ്ച മന്ത്രി ബിന്ദു കൃഷ്ണ എറണാകുളത്തെത്തി കമ്പനി അധികൃതരുമായി നേരിട്ട് ചർച്ച നടത്താനും തീരുമാനിച്ചിട്ടുണ്ട്.

## അവയവദാനം

റോഡപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ഏഴുവയസ്സുകാരൻ തമിഴ്നാട് തിരുനെൽവേലി സ്വദേശിയ യാഷ് വാൻ അഞ്ച് പേർക്ക് പുതുജീവനേകും. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രി 10.30 ഓടെ കുട്ടിയ്ക്ക് മസ്തിഷ്കമരണം സംഭവിക്കുകയായിരുന്നു. ബന്ധുക്കൾ അവയവദാനത്തിന് സന്നദ്ധത അറിയിച്ചതിനെ തുടർന്ന് രണ്ട് വൃക്കകൾ, കരൾ, ഹൃദയവാൽവ്, കോർണിയ എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക കോഴിക്കോട്ടുള്ള രോഗിക്ക് നൽകും. സമയബന്ധിതമായി അവയവം എത്തിക്കുന്നതിനായി തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടേക്ക് റോഡ് മാർഗ്ഗം പോകുന്ന ആംബുലൻസിന് പൊലീസ് പ്രത്യേക 'ഗ്രീൻ കോറിഡോർ' സൗകര്യം ഒരുക്കിയിട്ടുണ്ട്. മറ്റ് അവയവങ്ങൾ തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിലാണ് എത്തിക്കുന്നത്.

RNU TVPM

## ഭക്ഷ്യസുരക്ഷാ വകുപ്പ് - പാലക്കാട് (ഇൻട്രോ)

മഴക്കാലത്ത് ശുദ്ധമായ ഭക്ഷണം ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് പാലക്കാട് ജില്ലയിൽ നടത്തിയ പരിശോധന ഊർജ്ജിതമാക്കി. 109 സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി.

വിശദാംശങ്ങളുമായി പാലക്കാട് നിന്നും ആകാശവാണി പ്രതിനിധി ഫൈസൽ **അലി മുത്ത്.....**

(വോയിസ്)

## സുരേഷ് ഗോപി

കഴിഞ്ഞ വർഷത്തെ പുലിക്കളിക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കാത്ത സംഭവത്തിൽ ഇടപെട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്രഫണ്ട് ലഭിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ സംസ്ഥാന ടൂറിസം വകുപ്പിന് വീഴ്ച സംഭവിച്ചതാണ് തുക തടസപ്പെടാൻ കാരണമായതെന്ന് വിവിധ പുലിക്കളി സംഘങ്ങളുമായുള്ള യോഗത്തിൽ വിലയിരുത്തി. സംസ്ഥാന ടൂറിസം വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും പ്രതിനിധികളിൽ നിന്ന് ശ്രീ സുരേഷ് ഗോപി വിശദീകരണം തേടി.

## മഴ- കേരളം

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. എറണാകുളത്തും , തൃശൂർ മുതൽ വയനാട് വരെയുള്ള ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദീപ് തീരങ്ങളിൽ നാളെ വരെയും കർണാടക തീരത്ത് മറ്റെന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

PIU TVPM

## ഫിഫ ലോകകപ്പ് (INTRO)

ലോകകപ്പ് ഫുട്ബോളിൽ പ്രീ ക്വാർട്ടറിൽ മെക്സിക്കോയെ മൂന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി ഇംഗ്ലണ്ട് ക്വാർട്ടറിൽ പ്രവേശിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു......**

അതേസമയം, ഇത്തവണത്തെ ലോകകപ്പ് ഫുട്ബോളിലെ ഏറ്റവും വലിയ അട്ടിമറിക്കാണ് ന്യൂയോർക്കിലെ ന്യൂ ജേഴ്സി സ്റ്റേഡിയം ഇന്ന് വേദിയായത്. ഏറ്റവും കൂടുതൽ തവണ ലോക കപ്പ് കിരീടം സ്വന്തമാക്കിയ കരുത്തരായ ബ്രസീലിനെ അട്ടിമറിച്ച് നോർവെ ക്വാർട്ടറിൽ പ്രവേശിച്ചു. ക്വാർട്ടർ കാണാതെ പുറത്തായതിന് പിന്നാലെ ബ്രസീൽ താരം നെയ്മർ അന്താരാഷ്ട്ര ഫുട്ബാളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## വനിതാ ടി-ട്വന്റി ക്രിക്കറ്റ്

ഐസിസി വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ഇംഗ്ലണ്ടിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി ഓസ്‌ട്രേലിയ കിരീടം സ്വന്തമാക്കി. ലണ്ടനിലെ ലോർഡ്‌സിൽ നടന്ന മത്സരത്തിൽ, ഇംഗ്ലണ്ട് ഉയർത്തിയ 151 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്‌ട്രേലിയ 17.1 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 153 റൺസ് നേടി. 64 റൺസ് നേടിയ ബെത്ത് മൂണിയാണ് ഓസ്‌ട്രേലിയയുടെ ടോപ് സ്കോറർ. ഫീബി ലിച്ച്ഫീൽഡ് 48 റൺസ് നേടി.

❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁⌘❁

## അയോധ്യ - യോഗം

അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്ര ട്രസ്റ്റ് അംഗങ്ങളുടെ യോഗം ഇന്ന് രാമക്ഷേത്ര പരിസരത്ത് ചേരും. ട്രസ്റ്റിന് ലഭിച്ച സംഭാവനകളിലെ ക്രമക്കേട് സംബന്ധിച്ച് പ്രത്യേക അന്വേഷണ സംഘത്തിൻറെ കണ്ടെത്തലുകൾ ഉൾപ്പെടെയുള്ള സുപ്രധാന ഭരണ-സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യാനാണ് യോഗം. ജനറൽ സെക്രട്ടറി ചമ്പത് റായ്, ട്രസ്റ്റി അനിൽ മിശ്ര എന്നിവരുടെ രാജി കത്തുകൾ പരിഗണിക്കുന്നതും അജണ്ടയിൽ ഉൾപ്പെടുന്നു.

RNJ TVPM

## സെൻസസ്

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

## ഓഹരി - സ്വർണം

ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. സെൻസെക്സ് 434 പോയിൻറ് ഉയർന്ന് 78,198 ലും നിഫ്റ്റി 139 പോയിൻറ് നേട്ടത്തിൽ 24,410 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവില കുറഞ്ഞു. പവന് 80 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 7,520 രൂപയും ഗ്രാമിന് 10 രൂപ കുറഞ്ഞ് 13,440 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM